**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2123** **12-09-2023 - ൽ മറുപടിയ്ക്ക്**

**പേരാമ്പ്ര മണ്ഡലത്തിലെ കളിസ്ഥലങ്ങളുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | പേരാമ്പ്ര മണ്ഡലത്തിലെ ഏതൊക്കെ ഗ്രാമപഞ്ചായത്തുകളിലാണ് കളിസ്ഥലം നിർമ്മിക്കാൻ സർക്കാർ പദ്ധതികൾ തയ്യാറാക്കിയിട്ടുള്ളത്; | (എ) | ഓരോ പഞ്ചായത്തിലും ഒരു കളിസ്ഥലമെങ്കിലും വികസിപ്പിക്കുവാൻ ലക്ഷ്യമിട്ടുകൊണ്ട് നടപ്പിലാക്കുന്ന ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ പേരാമ്പ്ര നിയോജക മണ്ഡലത്തിലെ നൊച്ചാട് ഗ്രാമ പഞ്ചായത്തിനെ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ഏതൊക്ക ഗ്രാമപഞ്ചായത്തുകളിൽ നിന്ന് കളിസ്ഥലം നിർമ്മിക്കാനുള്ള പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടെന്ന് അറിയിക്കാമോ; | (ബി) | പേരാമ്പ്ര മണ്ഡലത്തിലെ നൊച്ചാട് ഗ്രാമപഞ്ചായത്ത് സ്റ്റേഡിയത്തിലാണ് കളിസ്ഥലം നിർമ്മിക്കാനുള്ള പ്രൊപ്പോസൽ ലഭ്യമായിട്ടുള്ളത്.<br><br>സംസ്ഥാന പ്ലാൻ ഫണ്ടിനൊപ്പം എം.എൽ.എ/മറ്റ് സ്രോതസ്സുകളിൽ നിന്നുമുള്ള ഫണ്ട് എന്നിവ സമാഹരിച്ചാണ് ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെട്ട പ്രവർത്തികൾക്ക് ആവശ്യമായ തുക കണ്ടെത്തുന്നത്. നിലവിൽ ഈ പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെട്ട കളിസ്ഥലങ്ങളുടെ നിർമ്മാണത്തിനായി എം.എൽ.എ ഫണ്ട് അനുവദിച്ചതായി ബന്ധപ്പെട്ട എം.എൽ.എ.യിൽ നിന്നോ ജില്ലാകളക്ടറിൽ നിന്നോ അറിയിപ്പ് ലഭിക്കുന്ന മുറയ്ക്കാണ് പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നത്. ഈ പദ്ധതിയിൽ ഉൾപ്പെട്ട നൊച്ചാട് ഗ്രാമപഞ്ചായത്തിലെ കളിസ്ഥല നിർമ്മാണത്തിനായി എം.എൽ.എ ഫണ്ട് അനുവദിച്ചതായി നിലവിൽ വിവരം ലഭിച്ചിട്ടില്ല. അതിനാൽ പ്രവൃത്തി ആരംഭിച്ചിട്ടില്ല. |
| (സി) | ലഭ്യമായ പ്രൊപ്പോസലുകളിൽ എന്ത് നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ? | (സി) | പേരാമ്പ്ര മണ്ഡലത്തിലെ നൊച്ചാട് ഗ്രാമപഞ്ചായത്ത് സ്റ്റേഡിയത്തിലാണ് കളിസ്ഥലം നിർമ്മിക്കാനുള്ള പ്രൊപ്പോസൽ ലഭ്യമായിട്ടുള്ളത്.<br><br>സംസ്ഥാന പ്ലാൻ ഫണ്ടിനൊപ്പം എം.എൽ.എ/മറ്റ് സ്രോതസ്സുകളിൽ നിന്നുമുള്ള ഫണ്ട് എന്നിവ സമാഹരിച്ചാണ് ഒരു പഞ്ചായത്തിൽ ഒരു കളിക്കളം |

| | | | |
|---|---|---|---|
| | | | പദ്ധതിയിൽ ഉൾപ്പെട്ട പ്രവർത്തികൾക്ക് ആവശ്യമായ തുക കണ്ടെത്തുന്നത്. നിലവിൽ ഈ പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെട്ട കളിസ്ഥലങ്ങളുടെ നിർമ്മാണത്തിനായി എം.എൽ.എ ഫണ്ട് അനുവദിച്ചതായി ബന്ധപ്പെട്ട എം.എൽ.എ.യിൽ നിന്നോ ജില്ലാകളക്ടറിൽ നിന്നോ അറിയിപ്പ് ലഭിക്കുന്ന മുറയ്ക്കാണ് പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നത്. ഈ പദ്ധതിയിൽ ഉൾപ്പെട്ട നൊച്ചാട് ഗ്രാമപഞ്ചായത്തിലെ കളിസ്ഥല നിർമ്മാണത്തിനായി എം.എൽ.എ ഫണ്ട് അനുവദിച്ചതായി നിലവിൽ വിവരം ലഭിച്ചിട്ടില്ല. അതിനാൽ പ്രവൃത്തി ആരംഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ